**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **04-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല വിമാനത്താവളം സംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയോ ഡി.ജി.സി.എ. യുടെയോ തടസ്സവാദ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോഎക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ പ്രോസസ് മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. ആയത് വിശദമായ അവലോകനത്തിന് ശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രതികൂല പരാമർശം പരിഹരിക്കുവാനും വിമാനത്താവളം യാഥാർത്ഥ്യമാക്കുവാനുമായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഇല്ല. ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോഎക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ പ്രോസസ് മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക |

| | | | |
|---|---|---|---|
| | | | ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. ആയത് വിശദമായ അവലോകനത്തിന് ശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ